# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 319** — **09.04.2013-ലെ മറുപടിക്ക്**

## നാഷണൽ സർവ്വീസ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.കെ.എൻ.എ. ഖാദർ | അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| (എ) നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുതലം വരെയുള്ള കുട്ടികളെ ഇതിൽ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത് ; | (എ) ഉണ്ട്. നിലവിൽ നാഷണൽ സർവ്വീസ് സ്കീമിന് വിവിധ യൂണിവേഴ്സിറ്റികളുടെയും/ ഡയറക്ടറേറ്റുകളുടെയും കീഴിലായി 1730 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി തലം മുതൽ ബിരുദാനന്തര ബിരുദം വരെയും, സാങ്കേതിക/ മെഡിക്കൽ വിദ്യാഭ്യാസ തലത്തിലും നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. |
| (ബി) മദ്യപാനത്തിനെതിരെ എൻ.എസ്.എസ്.ന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ; | (ബി) മദ്യപാനത്തിനെതിരായി എക്സിബിഷനുകൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ തുടങ്ങി പല ബോധവൽക്കരണ പരിപാടികളും എൻ.എസ്.എസ്. സംഘടിപ്പിക്കുന്നുണ്ട്. എക്സൈസ് വകുപ്പുമായി സഹകരിച്ച് മദ്യപാനത്തിനെതിരെ |

ബോധവൽക്കരണം നടത്തുന്നതിനു വേണ്ടി പല പ്രോജക്ടുകൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

(സി) സമൂഹത്തിലെ അശരണരെയും രോഗികളെയും പരിചരിക്കുന്നത് ഉൾ.പ്പെടെ എൻ.എസ്.എസ്. വോളന്റിയർമാർക്ക് കൂടുതൽ മേഖലകളിൽ പ്രവർത്തിക്കാൻ അവസരമൊരുക്കുമോ ?

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ